# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2456** **14.06.2019-ൽ മറുപടിക്ക്**

## കുറ്ററ പമ്പ് ഹൗസിലെ വോൾട്ടേജ് പ്രശ്നം

| | ചോദ്യം<br>ശ്രീ. ഡി.കെ. മുരളി | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മതിയായ വോൾട്ടേജ് ലഭിക്കാത്തത് കാരണം വാമനപുരം നിയോജകമണ്ഡലത്തിലെ കുറ്ററയിലുള്ള കേരളാ വാട്ടർ അതോറിറ്റിയുടെപമ്പ് ഹൗസിൽ നിന്നും വെള്ളം പമ്പ് ചെയ്യുന്നതിന് കഴിയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)<br>(ബി)<br>&<br>(സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാമനപുരം സെക്ഷനിൽ ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന രണ്ട് 11 കെ.വി. ഫീഡറുകൾ കിളിമാനൂർ, അവനവഞ്ചേരി സെക്ഷനുകളിൽക്കൂടിയാണ് കടന്നു വരുന്നത്. ഏതെങ്കിലും ഒരു ഫീഡർ തകരാറിലായാൽ ലോഡ് അഡ്ജസ്റ്റ് ചെയ്യുന്ന സമയത്താണ് വോൾട്ടേജ് കുറവിന്റെ പ്രശ്നം ഉണ്ടാവുന്നത്. ഈ വോൾട്ടേജ് പ്രശ്നം പരിഹരിക്കുന്നതിനായി വാമനപുരം സെക്ഷനു മാത്രമായി ഒരു 11 കെ.വി. ഫീഡർ വെഞ്ഞാറമൂട് സബ്സ്റ്റേഷനിൽ നിന്നും സ്ഥാപിക്കുന്നത് പരിഗണനയിലുണ്ട്. |
| (ബി) | ഈ പ്രശ്നം പരിഹരിക്കുന്നതിന് കെ.എസ്.ഇ.ബി. സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | | |
| (സി) | പ്രശ്നപരിഹാരത്തിനുള്ള മാർഗ്ഗം വിശദീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ